# വിശ്വാസ് സ്മരണിക പ്രകാശനം ചെയ്തു

പാലക്കാട്: കുറ്റകൃത്യങ്ങൾക്കും അവകാശ നിഷേധങ്ങൾക്കും അധികാരദുർവിനിയോഗത്തിനും ഇരകളായവർക്ക് അറിവും ക്ഷേമവും സഹായവും നൽകാനുള്ള കൂട്ടായ്മയായി പാലക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന വിശ്വാസിന്റെ ഏഴാം വാർഷികത്തോട് അനുബന്ധിച്ചു ഏഴുവർഷത്തെ പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ സഹിതമുള്ള സ്മരണിക പ്രകാശനം ചെയ്തു. മുൻ ഐ. ജി യും വിശ്വാസിന്റെ മുഖ്യ രക്ഷാധികാരിയുമായ വി. എൻ. രാജൻ മുൻ ഹൈകോടതി ജഡ്ജി ചേറ്റൂർ ശങ്കരൻ നായർക്ക് നൽകിയാണ് പ്രകാശനം ചെയ്തത്.

വിശ്വാസിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും എല്ലാ ജില്ലകളിലും വിശ്വാസിന്റെ ശാഖകൾ തുടങ്ങണമെന്നും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമശാസ്ത്രമായ വിക്ടിമോളജിയുടെ ഭാരതത്തിലെ പിതാവ് എന്നറിയപ്പെടുന്ന വി എൻ രാജൻ അഭിപ്രായപ്പെട്ടു. നീതി ന്യായരംഗത്തു ഇരകൾക്കു വേണ്ടിയുള്ള വിശ്വാസിന്റെ ഇടപെടലുകൾ കാര്യക്ഷമമാണെന്നും പ്രളയബാധിതർക്കുള്ള 19 വീടുകൾ നിർമിച്ചു നൽകിയ വിശ്വാസ് ആവാസ് പദ്ധതിയും , സിവിൽ സ്റ്റേഷനിലും കോടതികളിലും എത്തുന്ന നിർധനർക്ക് ഭക്ഷണം നൽകുന്ന ഉച്ചക്കൊരുണ് പദ്ധതിയും മികച്ച പ്രവർത്തനങ്ങൾ ആണെന്നു മുൻ ഹൈകോടതി ജഡ്ജി ചേറ്റൂർ ശങ്കരൻ നായർ പറഞ്ഞു. വിശ്വാസ് വൈസ് പ്രസിഡന്റ് അഡ്വ. എസ്. ശാന്താദേവിയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് സ്വാഗതവും വിശ്വാസ് വോളന്റീർ ലേഖ മേനോൻ നന്ദിയും പറഞ്ഞു. ജോർജ്, മനോജ് ശിവദാസ് മേനോൻ, സുധീർ രാജൻ,ചിത്ര എന്നിവർ സംസാരിച്ചു.



വിശ്വാസിന്റെ ഏഴാം വാർഷികത്തോട് അനുബന്ധിച്ച് പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ സഹിതമുള്ള സ്മരണിക മുൻ ഐ. ജി യും വിശ്വാസിന്റെ മുഖ്യ രക്ഷാധികാരിയുമായ വി. എൻ. രാജൻ മുൻ ഹൈക്കോടതി ജഡ്ജി ചേറ്റൂർ ശങ്കരൻ നായർക്ക് നൽകിയാണ് പ്രകാശനം ചെയ്യുന്നു

## തുറന്നകത്ത്

16/01/2020